"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഭാരതീയ ചികിത്സാ വകുപ്പ്-ജീവനക്കാര്യം-സമാശ്വാസ തൊഴിൽദാന പദ്ധതി-അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിച്ച് വരവെ അന്തരിച്ച ശ്രീ.യു.മധുവിന്റെ ഭാര്യ ശ്രീമതി ശാന്തി.എസ്-ന് പൊതുവിദ്യാഭ്യാസ വകുപ്പിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നല്കി -ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആയുഷ്(എ) വകുപ്പ്**

സ.ഉ.(കൈ) നം.3/2024/AYUSH തീയതി,തിരുവനന്തപുരം, 05-02-2024

---

പരാമർശം:-

1. സ.ഉ.(പി) നം.12/99/ഉഭപവ.,തീയതി 24.05.1999.
2. സ.ഉ.(പി) 33/2014/ഉഭപവ.,തീയതി 26.09.2014
3. ശ്രീമതി ശാന്തി.എസ്-ന്റെ 02-07-2020 ലെ അപേക്ഷ.
4. ഭാരതീയ ചികിത്സാ വകുപ്പ് ഡയറക്ടറുടെ 26-12-2022 ലെ ഇ4-1766/2022 നമ്പർ കത്ത്.
5. ആലപ്പുഴ ജില്ലാ കളക്ടറുടെ 20-07-2022 ലെ DCALP/7219/2020-A7 നം.കത്ത്
6. പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിന്റെ 10-01-2024 ലെ എസ് ഡി2/2/2024/പൊ.ഭ.വ നം.കത്ത് .

**<u>ഉത്തരവ്</u>**

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിൽ ആലപ്പുഴ ജില്ലയിലെ കരുമാടി സർക്കാർ ആയുർവേദ ഡിസ്പെൻസറിയിൽ അറ്റൻഡർ ഗ്രേഡ്-II തസ്തികയിൽ സേവനമനുഷ്ഠിച്ചുവരവെ അന്തരിച്ച ശ്രീ. യു. മധുവിന്റെ ഭാര്യ ശ്രീമതി ശാന്തി.എസ് പരാമർശം-3 പ്രകാരം ആലപ്പുഴ ജില്ലയിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ ആശ്രിത നിയമനം ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിരുന്നു. ടിയാളുടെ അപേക്ഷ പരാമർശം 4, 5 പ്രകാരം യഥാക്രമം ഭാരതീയ ചികിത്സാ വകുപ്പ ഡയറക്ടറും, ആലപ്പുഴ ജില്ലാ കളക്ടറും ശുപാർശ ചെയ്തിരുന്നു.എന്നാൽ ഓഫീസ് അറ്റന്റഡന്റ് തസ്തികയിൽ ഭാരതീയ ചികിത്സാ വകുപ്പിൽ ഒഴിവില്ലാത്തതിനാൽ മറ്റേതെങ്കിലും വകുപ്പിൽ ഓഫീസ് അറ്റന്റഡന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിന് ടിയാൾ സമ്മതപത്രം ലഭ്യമാക്കിയിരുന്ന സാഹചര്യത്തിൽ മറ്റേതെങ്കിലും വകുപ്പിൽ ഓഫീസ് അറ്റന്റഡന്റ് തസ്തികയിൽ നിയമനം ലഭിക്കുന്നതിനായി ടിയാളുടെ പ്രൊഫോർമ ഡീറ്റെയിൽസ് പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പിൽ അയച്ചിരുന്നു.

2. ഓഫീസ് അറ്റന്റന്റ് തസ്തികയിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ റിപ്പോർട്ട് ചെയ്തിട്ടുള്ള 7 ഒഴിവുകളിൽ ഒരെണ്ണം ശ്രീമതി ശാന്തി എസ്-ന് അനുവദിച്ച് നൽകാവുന്നതാണെന്നും പ്രസ്തുത നിയമനത്തിനുള്ള അനുമതി ഉത്തരവ് ആയുഷ് വകുപ്പ് നൽകേണ്ടതാണെന്നും പരാമർശം 6-പ്രകാരം പൊതുഭരണ (സർവ്വീസസ്-ഡി) വകുപ്പ് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ശ്രീമതി ശാന്തി.എസ് -ന് (നാല്പത്തഞ്ചിൽ ചിറ, കരുർ ഈസ്റ്റ്, കരുമാടി പി.ഒ,അമ്പലപ്പുഴ, ആലപ്പുഴ-) പരാമർശം -6 പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ള ഓഫീസ് അറ്റന്റഡന്റ് തസ്തികയിലെ ഒഴിവിൽ പൊതുവിദ്യാഭ്യാസ വകുപ്പിൽ നിയമനം നൽകുന്നതിന് പൊതുവിദ്യാഭ്യാസ വകുപ്പ ഡയറക്ടർ, തിരുവനന്തപുരത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ശ്രീമതി ശാന്തി.എസ് ന് നിയമനം നൽകുന്നത് സംബന്ധിച്ച് തുടർ

നടപടികൾ പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ തിരുവനന്തപുരം സ്വീകരിക്കേണ്ടതാണ്.

3. ശ്രീമതി ശാന്തി.എസ്-ന്റെ വയസ്സ്, വിദ്യാഭ്യാസയോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസൽ രേഖകൾ പരിശോധിച്ച് ശരിയാണെന്നുറപ്പുവരുത്തി, നിയമനാധികാരി, ടിയാൾക്ക് നിയമന ഉത്തരവ് നൽകുന്നതാണ്. സർക്കാർ സർവ്വീസിലുള്ള സിവിൽ സർജനിൽ കുറയാത്ത റാങ്കിലുള്ള മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ്, സമീപകാലത്ത് എടുത്തതും സംസ്ഥാന സർക്കാരിലെ ഗസറ്റഡ് ഓഫീസർ മുറപ്രകാരം സാക്ഷ്യപ്പെടുത്തിയിട്ടുള്ളതുമായ പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ ജോലിയിൽ പ്രവേശിക്കുന്ന സമയത്ത് അപേക്ഷക ഹാജരാക്കേണ്ടതാണ്. സൂചന രണ്ടിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ടുവേണം അപേക്ഷകയുടെ സീനിയോറിറ്റി നിശ്ചയിക്കേണ്ടത്.

4.ശ്രീമതി ശാന്തി.എസ്-ന്റെ ആശ്രിത നിയമനം സംബന്ധിച്ച വിവരങ്ങൾ മരണപ്പെട്ട ജീവനക്കാരന്റെ സേവനപുസ്തകത്തിൽ രേഖപ്പെടുത്തുന്നതിനുള്ള തുടർനടപടികൾ നിയമനാധികാരി സ്വീകരിക്കേണ്ടതാണ്. അപേക്ഷക വസ്തുനിഷ്ഠമായ യാഥാർത്ഥ്യം മറച്ചുവച്ചതായോ, തെറ്റായ വിവരം ലഭ്യമാക്കിയതായോ, വകുപ്പുതല അന്വേഷണം നടത്തുന്ന സമയത്ത് സർക്കാർ കണ്ടെത്തുകയാണെങ്കിലോ, അല്ലെങ്കിൽ ഉത്തരവ് പുറപ്പെടുവിച്ചതിൽ തെറ്റുപറ്റിയെന്ന് പിന്നീട് കാണുകയാണെങ്കിലോ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം നൽകിയ നിയമനം റദ്ദ് ചെയ്യുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SEEMA S
ജോയിന്റ് സെക്രട്ടറി

പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ,പൊതുവിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം
ഡയറക്ടർ,ഭാരതീയ ചികിത്സാവകുപ്പ്,തിരുവനന്തപുരം
ശ്രീമതി ശാന്തി.എസ് ,നാല്പത്തഞ്ചിൽ ചിറ,കരുർ ഈസ്റ്റ്, കരുമാടി പി.ഒ,അമ്പലപ്പുഴ,ആലപ്പുഴ-(Registered with AD)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള,തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ &ഇ ),കേരള,തിരുവനന്തപുരം
പൊതുഭരണ((സർവ്വീസസ്-ഡി) വകുപ്പ് (10-01-2024 ലെ എസ് ഡി2/2/2024/പൊ.ഭ.വ കത്ത് പ്രകാരം)
വെബ് &ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിന്)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Baiju G
സെക്ഷൻ ഓഫീസർ
Date: 05-02-2024 12:47:59